**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1954** **01-09-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2019 ജനുവരിയിൽ കേന്ദ്ര സർക്കാർ ഇറക്കിയ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനമനുസരിച്ചുള്ള തീരദേശ പരിപാലന പദ്ധതി എന്നാണ് തയ്യാറാക്കേണ്ടിയിരുന്നതെന്ന് അറിയിക്കുമോ; | (എ) | 2019 ലെ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനത്തിൽ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് സമയ പരിധി നിഷ്കർഷിച്ചിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 26.06.2019 ൽ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ, ഈ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് എത്രയും വേഗത്തിലോ ആറ് മാസം കഴിയാതെയോ സംസ്ഥാനങ്ങൾ 2011 സി.ആർ.ഇസഡ് വിജ്ഞാപന പ്രകാരം തയ്യാറാക്കിയ തീരദേശ പരിപാലന പ്ലാൻ പുതുക്കുകയോ/പരിഷ്കരിക്കുകയോ ചെയ്യേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ 2019 ൽ തന്നെ ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയ്ക്ക് 2021 ജനുവരിയിൽ കൈമാറിയിട്ടുണ്ട്. ഈ പ്രീ ഡ്രാഫ്റ്റ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും മറ്റ് അനുബന്ധ വകുപ്പുകൾക്കും അഭിപ്രായമാരായുവാൻ വിതരണം ചെയ്യുകയുണ്ടായി.ഇതിൻ പ്രകാരം ലഭിച്ച അഭിപ്രായങ്ങൾ ക്രോഡീകരിച്ചപ്പോൾ പ്രസ്തുത പ്രീഡ്രാഫ്റ്റിൽ പലവിധ അപാകതകളും ഉള്ളതായി കാണപ്പെട്ടു. തുടർന്ന് സംസ്ഥാന സർക്കാർ രൂപീകരിച്ച മൂന്നംഗ വിദഗ്ദ സമിതിയുടെ റിപ്പോർട്ട് 2022 ഫെബ്രുവരി മാസത്തിൽ ലഭിക്കുകയും വിദഗ്ദ സമിതി നൽകിയ ശിപാർശകളെ സംസ്ഥാന സർക്കാർ അംഗീകരിക്കുകയും 24.03.2022 ൽ |

| | | | |
|---|---|---|---|
| | | | പരിസ്ഥിതി വകുപ്പ് ഉത്തരവ് ഇറക്കുകയും ചെയ്യു. തീരദേശ പരിപാലന അതോറിറ്റിയുടെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിലുള്ള ആവശ്യമായ തിരുത്തലുകൾ കരട് പ്ലാനിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനായി ഫീൽഡ് സർവ്വേ ഉൾപ്പെടെ നടത്തി, വിവിധ വകുപ്പുകളിൽ നിന്നുള്ള വിവരങ്ങൾ ശേഖരിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ കരട് പ്ലാനിന്മേൽ പബ്ലിക് ഹിയറിംഗ് നടത്തി അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്കൂട്ടിനികമ്മിറ്റിയ്ക്ക് മുമ്പാകെ സമർപ്പിക്കും. കരട് പ്ലാൻ ടെക്നിക്കൽ സ്കൂട്ടിനി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി സംസ്ഥാന സർക്കാരിന്റെ ശിപാർശയോടെയാണ് നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടത്. 2020-21 വർഷങ്ങളിലെ കോവിഡ് മഹാമാരിയുടെ നിയന്ത്രണങ്ങളും വിലക്കുകളും തീരദേശ പരിപാലന പ്ലാനിന്റെ തയ്യാറാക്കലിനെ സാരമായി ബാധിച്ചു. |
| (സി) | നഗര സ്വഭാവമുള്ള പഞ്ചായത്തുകളെ കൂടുതൽ ഇളവുകളുള്ള മേഖല രണ്ടിലേക്ക് മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര സർക്കാർ ഇതുസംബന്ധിച്ച തീരുമാനം അറിയിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; | (സി) | 06.10.2021 ലെ G.O (MS) No. 226/2021/LSGD, 13.10.2021 ലെ G.O (MS) No. 233/2021/LSGD നോട്ടിഫിക്കേഷനുകൾ പ്രകാരം 398 ഗ്രാമപഞ്ചായത്തുകളെ വില്ലേജ് കാറ്റഗറി I, വില്ലേജ് കാറ്റഗറി II പഞ്ചായത്തുകളായി നവീകരിച്ചു. ഇതിൽ 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റം വരുത്തുന്നതിന് കണ്ടെത്തിയിട്ടുണ്ട്. ടി 175 കോസ്റ്റൽ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റുന്നതിനുള്ള അനുവാദം ലഭ്യമാക്കണമെന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.03.2022 ൽ ഒരു യോഗം ചേരുകയും പ്രസ്തുത മീറ്റിംഗിൽ ചീഫ് സെക്രട്ടറിയും അഡീഷണൽ ചീഫ് സെക്രട്ടറി പരിസ്ഥിതി വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നിവർ പങ്കെടുക്കുകയും കേരളത്തിന്റെ തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുകയും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കോസ്റ്റൽ ഗ്രാമപഞ്ചായത്തുകളെ CRZ II |

| | | | |
|---|---|---|---|
| | | | കാറ്റഗറിയായി തരംമാറ്റുന്ന വിഷയം വിശദമായി പരിശോധിക്കുന്നതാണെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | തീരദേശ പരിപാലന പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് ഹരിത ട്രൈബ്യൂണലിൽ നിന്ന് എന്തെങ്കിലും നിർദേശം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | 11.04.2022 ലെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA നമ്പർ 04/2013 (SZ) with appeal No. 18/2017 നമ്പർ ഉത്തരവിൽ 2019 ലെ CRZ വിജ്ഞാപനത്തിനനുസൃതമായ തീരദേശ പരിപാലന പ്ലാൻ രണ്ട് മാസത്തിനകം പൂർത്തിയാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ചീഫ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ